"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരികകാര്യ വകുപ്പ് - കേരള സാഹിത്യ അക്കാദമിയ്ക്ക് 2023- 24 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതത്തിൽ നിന്നും നാലാം ഗഡു അനുവദിച്ച് ഉത്തരവാകുന്നു.

---

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.201/2024/CLAD തീയതി,തിരുവനന്തപുരം, 30-03-2024

---

പരാമർശം:-

1. സ.ഉ.(സാധാ) നം. 275/2023/CLAD തീയതി 01.06.2023
2. സ.ഉ.(സാധാ) നം.390/2023/CLAD തീയതി 02.08.2023
3. സ.ഉ.(സാധാ) നം. 8/2024/CLAD തീയതി 08.01.2024
4. കേരള സാഹിത്യ അക്കാദമി സെക്രട്ടറിയുടെ 23.02.2024 തീയതിയിലെ 406/2024/കെ.എസ്.എ/എം നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കേരള സാഹിത്യ അക്കാദമിയ്ക്ക് 2023- 24 സാമ്പത്തിക വർഷം പദ്ധതിയേതരയിനത്തിൽ 1,27,58,000/- രൂപ (ഒരു കോടി ഇരുപത്തിയേഴ് ലക്ഷത്തി അമ്പത്തിയെട്ടായിരം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത വിഹിത്തിൽ നിന്നും പരാമൃഷ്ട ഉത്തരവുകൾ പ്രകാരം മൂന്ന് ഗഡുക്കളായി 83,41,600/- രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതിയേതരവിഹിതത്തിൽ നിന്നും നാലാം ഗഡു അനുവദിക്കുന്നതിന് അക്കാദമി സെക്രട്ടറി പരാമൃഷ്ടകത്ത് പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സാഹിത്യഅക്കാദമിയ്ക്ക് 2023- 24 സാമ്പത്തിക വർഷം 2205-00-102-97-36 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ പദ്ധതിയേതര വിഹിതമായി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 12,26,900/- (പന്ത്രണ്ട് ലക്ഷത്തി ഇരുപത്തി ആറായിരത്തി തൊള്ളായിരം രൂപ മാത്രം) നാലാം ഗഡുവായി അനുവദിച്ച് ഉത്തരവാകുന്നു.

3. പ്രസ്തുത തുക ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പറും അനുബന്ധ വിശദാംശങ്ങളും കേരള സാഹിത്യ അക്കാദമി സെക്രട്ടറി, സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ തിരുവനന്തപുരത്തെ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതും, ടി തുക കൈപ്പറ്റി മൂന്ന് മാസത്തിനകം ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാജേഷ് ജി ആർ

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ

ഡയറക്ടർ, സാസ്കാരിക വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

ധനകാര്യ വകുപ്പ് (E 2448580) EDN-C3/124/2023-FIN dated 26.03.2024)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
Date: 30-03-2024 14:01:39

സെക്ഷൻ ഓഫീസർ